**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

06.09.2019 ന ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ ശിപാർശകൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്ന .

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 5183/AC A 5/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.10.2019

---

പരാമർശം:-06.09.2019 ന ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ മിനട്സ്

**<u>ഉത്തരവ്</u>**

മേൽ പരാമർശം പ്രകാരം ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗം താഴെ പറയുന്ന പ്രകാരം ശിപാർശകൾ ചെയ്തു.

01 :- സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (RCI) റെഗുലേഷൻസിന വിധേയമായി M.A. Social Work in Disability Studies and Action എന്ന പ്രോഗ്രാമിൻറെ സ്കീം, സിലബസ്, റെഗുലേഷൻസ് എന്നിവ തയ്യാറാക്കുന്നതിന് പ്രസ്തുത വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തിയിരുന്നു. വകുപ്പ് മേധാവി സമർപ്പിച്ച സ്കീം, റെഗുലേഷൻസ് എന്നിവയുടെ കരട് സി.എസ്.എസ്. റെഗുലേഷൻസ് 2016-ന് അനുസൃതമാണെന്ന് ഉറപ്പ് വരുത്തി അംഗീകരിക്കുക.

02 :- മഹാത്മാ ഗാന്ധി സർവകലാശാലയുടെ പഠന വകുപ്പായ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെൻറ് സ്റ്റഡീസിൽ "Statistical Techniques in Social Sciences", "Polity and Governance in India " എന്നീ ഓപ്പൺ കോഴ്സുകൾ സി.എസ്.എസ്. -2016 Stream-ൽ തുടങ്ങുന്നതിന് വകുപ്പ് മേധാവി സമർപ്പിച്ച പഠന രേഖ അംഗീകരിക്കുക.

03 :- സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ (SPESS) 2019-'20 വർഷം ആരംഭിക്കുന്ന Master of Physical Education and Sports (MPES) പ്രോഗ്രാമിന്റെ റെഗുലേഷൻസ്, സ്കീം, സിലബസ് എന്നിവ SPESS കോർ കമ്മിറ്റി തയ്യാറാക്കിയതു വകുപ്പ് മേധാവി സമർപ്പിച്ചിരുന്നു. ആയതു സി.എസ്.എസ്. റെഗുലേഷൻസ് 2016-ന് ആനുസൃതമാണെന്ന് ഉറപ്പുവരുത്തി അംഗീകരിക്കുക.

04 :- സ്കൂൾ ഓഫ് ലെറ്റേഴ്സിൽ M.A.(English and Malayalam) പ്രോഗ്രാമുകൾക്ക് 2017-ൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ, 2018 ഡിസംബർ മാസം നടന്ന മൂന്നാം സെമസ്റ്റർ പരീക്ഷകൾ സി.എസ്.എസ്. റെഗുലേഷൻസ് 2016 ക്ലോസ് 3.10-ന അനുസൃതമല്ലാത്തതിനാൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ 2018 ഡിസംബർ മാസം നടന്ന മൂന്നാം സെമസ്റ്റർ M.A.(English and Malayalam) പരീക്ഷകളുടെ 04/06/2019-ന് പ്രസിദ്ധീകരിച്ച ഫലം പുനഃക്രമീകരിക്കുന്നതിനും, വിദ്യാർത്ഥികൾക്ക് നൽകിയ പ്രസ്തുത പരീക്ഷകളുടെ ഗ്രേഡ് കാർഡുകൾ തിരികെ വാങ്ങി റദ്ദ് ചെയ്യുന്നതിനും സി.എസ്.എസ്. റെഗുലേഷൻസ് 2016 ക്ലോസ് 3.10-ന അനുസൃതമായി M.A.(English and Malayalam) പ്രോഗ്രാമുകളുടെ സ്കീമും, സിലബസും പുനഃക്രമീകരിച്ച് അക്കാദമിക് കൗൺസിലിൻറെ അംഗീകാരത്തിനായി അടിയന്തിരമായി സമർപ്പിക്കുന്നതിന് സ്കൂൾ മേധാവിയെ ചുമതലപെടുത്തുന്നതിനും, അംഗീകാരം കിട്ടിയ ശേഷം മേൽ പരാമർശിച്ച മൂന്നാം സെമസ്റ്റർ പരീക്ഷ ഫലങ്ങൾ പുനഃക്രമീകരിച്ച് പരിഷ്കരിച്ച ഗ്രേഡ് കാർഡുകൾ നൽകുക.

Draft #1 of File 38864/AC A5/3/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 25-Oct-2019 04:49 PM - Page 1

സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ മേല്പറഞ്ഞ ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985 അദ്ധ്യായം 3 ഛേദം 10 (17) പ്രകാരം ബഹു. വൈസ് ചാൻസിലർ ഇൻ - ചാർജ് അംഗീകരിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വകുപ്പ് മേധാവി , സ്കൂൾ ഓഫ് ലെറ്റേഴ്സ്

2.വൈസ് ചാൻസിലറുടെ പി.എസ് / പ്രൊ വൈസ് ചാൻസിലറുടെ പി.എസ്

3.രജിസ്ട്രാറുടെ പി.എ / പരീക്ഷ കൺട്രോളറുടെ പി.എ

4.ജെ.ആർ 2 (admin) /ഡി.ആർ 2 , എ.ആർ 3 (academic)

5.എ.സി.എ 1 / എ.സി.ബി 6/ എ.സി.ബി 7

6.സി.എം.എസ് /ഐ.ക്യൂ .എ.സി / സി .എസ് .എസ് . സെക്ഷൻ

Draft #1 of File 38864/AC A5/3/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 25-Oct-2019 04:49 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം